Mathrubhumi 29.12.17


കാർഷിക സർവകലാശാലയിൽ നടക്കുന്ന വൈഗ കാർഷികമേളയിലെ പ്രദർശന നഗരിയിൽ ഒരുക്കിയ പച്ചക്കറികളുടെ രൂപങ്ങൾ നിറച്ച കൂറ്റൻ കൊട്ട

# കാണൂ, കർഷകവിജയം

കാർഷികകാര്യങ്ങളിൽ അല്പം താത്പര്യമുണ്ടോ. എങ്കിൽ തൃശ്ശൂരിൽ നടക്കുന്ന അന്താരാഷ്ട്ര കാർഷിക പ്രദർശന മേളയുടെ നഗരിയിലെത്തണം. വൈഗ-2017 എന്ന പ്രദർശനം നിങ്ങളെ നല്ല കർഷകനാക്കും. അതോടൊപ്പം നല്ല സംരംഭകനാകുന്നതിനുള്ള പ്രചോദനം നൽകും. ഒന്നുമില്ലായ്മയിൽനിന്ന് നല്ല സംരംഭകരായവരുടെ ഏറെ സ്റ്റാളുകളാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്.


കാർഷികമേള കാണാൻ ചക്രക്കസേരകളിലെത്തിയ പുനർജീവൻ അന്തേവാസികളെ മന്ത്രി വി.എസ്. സുനിൽകുമാർ സ്വീകരിക്കുന്നു

## സംരംഭകത്വ വണ്ടി

പ്രദർശനനഗരിയുടെ കവാടത്തിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് പ്രോസസിങ് ടെക്നോളജിയുടെ വാഹനമുണ്ട്. തഞ്ചാവൂരിലെ കേന്ദ്രത്തിൽനിന്ന് എത്തിച്ച മൊബൈൽ പ്രോസസിങ് യൂണിറ്റാണിത്. കർഷകരുടെ മിച്ചംവരുന്ന ഉത്പന്നങ്ങൾ മൂല്യവർധിത ഇനങ്ങളാക്കി മാറ്റുന്ന യൂണിറ്റാണ് വാഹനത്തിൽ. കാർഷികമേഖലയിൽ ചുറ്റിക്കറങ്ങുന്ന വാഹനം പഴങ്ങളും പച്ചക്കറികളും മൂല്യവർധിത ഇനങ്ങളാക്കി മാറ്റി കർഷകന് നൽകും.

തമിഴ്നാട്ടിലെ തക്കാളിക്കർഷകർക്കും മുന്തിരിക്കർഷകർക്കുമാണ് വാഹനം ഏറെ പ്രയോജനം നൽകുക. ഉത്പാദനം വർധിക്കുമ്പോൾ തമിഴകത്ത് ഒരു കിലോഗ്രാം തക്കാളിയുടെ വില അഞ്ച് രൂപയിൽ താഴെയെത്തും.


പാളയിൽ നിർമിച്ച ഇനങ്ങൾ വിൽക്കുന്ന രാഘവൻ

അപ്പോഴാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് പ്രോസസിങ് ടെക്നോളജിയുടെ വാഹനം സഹായത്തിനെത്തുക. കർഷകരുടെ പാടങ്ങളിലേക്കിറങ്ങിച്ചെന്ന് തക്കാളി ശേഖരിച്ച് അത് പ്രോസസ് ചെയ്ത് സോസും കെച്ചപ്പും സൂപ്പുമൊക്കെയാക്കി കേടാകാത്ത പായ്ക്കറ്റുകളിലാക്കി നൽകും. ആറു മാസം വരെ സൂക്ഷിച്ചുവെയ്ക്കാവുന്ന ഇനങ്ങളാക്കിയാണ് പായ്ക്ക് ചെയ്ത് നൽകുന്നത്. ഇതേപോലെയാണ് മുന്തിരിയും പൈനാപ്പിളും കാരറ്റുമെല്ലാം മൂല്യവർധിത ഇനങ്ങളാക്കി നൽകുന്നത്.

സേവനമെത്തിയതോടെ കർഷകന് നഷ്ടക്കണക്കില്ല. വൻ വിലകൊടുത്ത് മൂല്യവർധിത ഉത്പന്ന നിർമാണ യൂണിറ്റ് വാങ്ങേണ്ടതില്ല. ചെലവില്ലാതെ കർഷകനെ മികച്ച സംരംഭകനാക്കുകയാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് പ്രോസസിങ് ടെക്നോളജി. ഇവർ നിർമിച്ച് നൽകുന്ന മൂല്യവർധിത ഇനങ്ങൾക്ക് കർഷകൻ വിപണി കണ്ടെത്തണമെന്നുമാത്രം.

## പാഴല്ല പാള

ഒരുകാശും ചെലവില്ലാത്ത സംരംഭം എങ്ങനെ തുടങ്ങാം എന്ന് ചിന്തിക്കുന്നവരും മേളയിലേക്കെത്തണം. പണമൊന്നും മുടക്കാതെ പണംകൊയ്യുന്ന വിദ്യ വശത്താക്കിയവരെ പരിചയപ്പെടാം. കാസർകോട് ജയപുരം സ്വദേശി രാഘവൻ കുത്തുപാളയെടുത്താണ് ജീവിതം വിജയത്തിലെത്തിച്ചത്. കാര്യം മനസ്സിലായിക്കാണില്ല. പാളയെടുത്ത് ഈർക്കിലികൊണ്ട് കുത്തി പഴയകാലത്തെ പാത്രമുണ്ടാക്കി. അങ്ങനെ ക്രമേണ പാളകൊണ്ട് കരകൗശലവസ്തുക്കളും ചിത്രപ്പണികളും ചെയ്തു. ഒരു പൈസപോലും ചെലവില്ല. കരകൗശലവസ്തുക്കളിൽ കൃത്രിമവുമില്ല. അമിതവിലയുമില്ലാത്തതിനാൽ ആവശ്യക്കാരേറെ. പാളകൊണ്ട് വിവിധയിനം പാത്രങ്ങളും നിർമിച്ച് വിൽപ്പനയ്ക്ക് വെച്ചിട്ടുണ്ട് ഈ കലാകാരൻ. പല ഷേഡിൽ പാള ഉണക്കിയെടുക്കും. അപ്പോൾ പാളയ്ക്ക് പല നിറങ്ങൾ കിട്ടും. പിന്നെ മൂന്നുദിവസം മതി കൂറ്റൻ ചിത്രമുണ്ടാക്കാൻ.

## കുഞ്ഞൻ പപ്പടം വലിയ വിജയം

എൻജിനിയറിങ് പഠനം കഴിഞ്ഞ ശ്രീരാഗ് തുടങ്ങിയ ചെറിയ പപ്പടക്കച്ചവടം വലിയ വ്യാപാരമായി മാറിയത് നേരിട്ടറിയാം വൈഗ മേളയിലെത്തിയാൽ. കല്പാത്തി പപ്പടം എന്നറിയപ്പെടുന്ന കുഞ്ഞൻ പപ്പടം ഇപ്പോൾ വലിയ വ്യാപാരമാണ് ശ്രീരാഗിന്. പ്രതിമാസം മൂന്ന് ടണ്ണിന്റെ വിൽപ്പനയുണ്ട്. 12 പേർക്ക് ജോലിയും കൊടുക്കുന്നുണ്ട്. നാല് വർഷം മുമ്പ് പ്രതിമാസം 50 കിലോയിൽ താഴെ വിൽപ്പനയുമായി തുടങ്ങിയതാണ്. ചൗവ്വരിയും അരിയും ചേർത്താണ് കുഞ്ഞൻ പപ്പടമുണ്ടാക്കുന്നത്. ഒരുതരി അപ്പക്കാരംപോലുമില്ലെന്നതാണ് ശ്രീരാഗിന്റെ ഇനത്തെ പ്രിയങ്കരമാക്കുന്നത്. പുതിന, മുളക്, തുളസി തുടങ്ങി 12 രുചികളിൽ ലഭ്യമാക്കിയതോടെ ആവശ്യക്കാർ ഏറി. മേളയിൽ ലാഭമുണ്ടാക്കാനല്ല, വിജയകഥ ജനങ്ങളെ അറിയിക്കാനാണ് സ്റ്റാളിട്ടിരിക്കുന്നത്.

## പാഴ്വസ്തുപോലും പാഴല്ല

കൃഷിവകുപ്പിന്റെ വണ്ടിപ്പെരിയാറിലെ ഫാമിന് പാഴ്വസ്തുപോലും പാഴല്ല. ഉപയോഗിച്ചുപേക്ഷിച്ച വസ്തുക്കൾകൊണ്ട് എന്തെല്ലാം മൂല്യവർധിത വസ്തുക്കളാണ് ഉണ്ടാക്കാൻ കഴിയുകയെന്നറിയാൻ വൈഗയിലെ സ്റ്റാളിലെത്തണം. അല്പം സർഗാത്മകത മതി പാഴ്കുപ്പി അത്യുഗ്രൻ അലങ്കാരവസ്തുവാകും. പഴയ വാഹന ടയർ ചെടിച്ചട്ടിയും ഇരിപ്പിടവുമായി മാറും. പ്ലാസ്റ്റിക് കുപ്പികൾ ചെടിവളർത്തുന്ന ട്രേകളാക്കാം. അങ്ങനെ ഒന്നും പാഴല്ലെന്ന് തെളിയിക്കുകയാണ് വണ്ടിപ്പെരിയാർ ഫാം ജീവനക്കാർ.

ഇത്തരം വസ്തുക്കളുണ്ടാക്കി വിറ്റ് ഉപജീവനം നടത്താനുള്ള പ്രചോദനമാണ് ഇവിടെ ലഭിക്കുക. ഒപ്പം പ്രകൃതിയെ നോവിക്കാതെയുള്ള വികസനത്തിനുള്ള പ്രേരണയും ഈ സ്റ്റാൾ നൽകുന്നു.

Mathrubhumi e-paper THRISSUR
Fri, 29 December 2017
digitalpaper.mathrubhumi.com/c/25134405